I/100066/2024

ഡോ. പി പുകഴേന്തി ഐ എഫ് എസ് അഡീഷണൽ
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്,
ബഡ്ജറ്റ് & ഓഡിറ്റ്)
ഭരണ വിഭാഗത്തിന്റെ അധിക ചുമതല

വനം വകുപ്പാസ്ഥാനം
വഴുതക്കാട്
തിരുവനന്തപുരം-14
ഫോൺ : 0471-2529111
email: apccf-admin.for@kerala.gov.in.

---

തീയതി :04-01-2024

**പരിപത്രം നമ്പർ - 06/2023**

വിഷയം : കേരള വനം വകുപ്പ് - ജീവനക്കാര്യം- SCORE മുഖേന ഓൺലൈൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ-സംബന്ധിച്ച്

സൂചന : ഈ ഓഫീസിലെ 23-06-2021 തീയതിയിലെ സർക്കുലർ നമ്പർ 05/2021.

കേരള വനം വകുപ്പിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ മുതൽ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (Non-Cadre) വരെയുള്ള സംരക്ഷണ വിഭാഗം ജീവനക്കാരും ഹെഡ് അക്കൗണ്ടന്റ് മുതൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് വരെയുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരും, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്) വിഭാഗം ജീവനക്കാരും 01.01.2021 തീയതി മുതൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈനായി SCORE മുഖേന സമർപ്പിക്കണമെന്ന് സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ചില ഉദ്യോഗസ്ഥർ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കാതിരിക്കുകയും തങ്ങളുടെ inbox-ൽ റിപ്പോർട്ടിങ് ഓഫീസർ എന്ന നിലയിലോ റിവ്യൂയിങ് ഓഫീസർ എന്ന നിലയിലോ ലഭിക്കുന്ന കീഴ്ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായി അയക്കാതെ വരികയും ചെയ്യുന്നതിനാൽ DPC യോഗങ്ങൾ യഥാസമയം ചേരുന്നതിനു കാലതാമസം നേരിടുന്നു. അതിനാൽ കേരള വനം വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും SCORE മുഖേന ഓൺലൈൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

1. എല്ലാ ഉദ്യോഗസ്ഥരും അവരവരുടെ മുൻ വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ജനുവരി 10-നകം സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ടിങ് ഓഫീസർ മാറുന്നതനിസരിച്ചുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് 15 ദിവസത്തിനുള്ളിൽ തന്നെ SCORE മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇക്കാര്യം എല്ലാ Reporting Officer-മാരും ഉറപ്പുവരുത്തേണ്ടതാണ്.

2. റിപ്പോർട്ടിങ്, റിവ്യൂയിങ് നടത്തുന്ന ഉദ്യോഗസ്ഥർക്കു രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ SMS ലഭിച്ച ഉടൻ തന്നെ റിപ്പോർട്ടിങ് അഥവാ റിവ്യൂയിങ് നടത്തേണ്ടതാണ്. റിപ്പോർട്ടിങ്, റിവ്യൂവിങ് അതോറിറ്റി എന്നീ നിലയിലുള്ള ഓഫീസർമാർ അവരവരുടെ inbox ദിവസേന പരിശോധിക്കേണ്ടതാണ്. ലഭ്യമാകുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമയബന്ധിതമായി പരിശോധിച്ച് അടുത്ത ഘട്ടത്തിലേക്ക് സമർപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പരിശോധനയ്ക്ക് ശേഷം ഉദ്യോഗസ്ഥരുടെ inbox-ൽ തിരികെ ലഭ്യമാകുന്ന CR പരിശോധിച്ച ശേഷം കൃത്യമായി e-sign ചെയ്ത് സമർപ്പിക്കേണ്ടതാണ്.

4. മേൽ പറഞ്ഞ നിർദ്ദേശങ്ങളിൽ മനഃപൂർവമായ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നതാണ്.

I/100066/2024

മേൽ നിർദ്ദേശങ്ങൾ അടങ്ങിയ പരിപത്രം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരളയുടെ അനുമതിയോടെയാണ് പുറപ്പെടുവിക്കുന്നത്.

Signed by
Dr P Pugazhendi I F S
Date: 04-01-2024 17:51:19

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(ഭരണം)**

പകർപ്പ് :

- ബഹു. പി.സി.സി.എഫ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരളക്ക് അറിവിലേക്കായി നൽകുന്നു.
- എല്ലാ പി.സി.സി.എഫ്/ എ.പി.സി.സി.എഫ്/സി.സി.എഫ്/സി.എഫ് മാർക്കും അറിവിലേക്കായി നൽകുന്നു.
- എല്ലാ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാർ / ഡി.എഫ്.ഒ/വൈൽഡ്ലൈഫ് വാർഡൻ / അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനും തുടർനടപടിക്കുമായി നൽകുന്നു.
- വനം വകുപ്പിലെ എല്ലാ ഓഫീസുകളിലേക്കും അറിവിനും തുടർനടപടിക്കുമായി നൽകുന്നു.
- എല്ലാ ജീവനക്കാർക്കും അറിവിനും തുടർനടപടിക്കുമായി Departmental website-ൽ പ്രസിദ്ധീകരിക്കുന്നു.
- സ്റ്റോക്ക് ഫയൽ